LIBRARY ARCHIVES Kerala Legislative Assembly

പമ്പാനദിയുടെ വികസനം

*20 [50] ശ്രീ. എം. മുരളി:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാനദിയുടെ വികസനത്തിനുവേണ്ടി ഒരു വികസന അതോറിറ്റി രൂപീകരിച്ചുവോ;

(ബി) ഈ അതോറിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ്;

(സി) എന്തെല്ലാം കാര്യങ്ങളിലാണ് ഈ അതോറിറ്റി ശ്രദ്ധ ചെലുത്തേണ്ടത് എന്ന് വിശദമാക്കാമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) പമ്പാനദിയുടെ വികസനത്തിനുവേണ്ടി പമ്പ വികസന അതോറിട്ടി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) അതോറിറ്റിയുടെ ഘടന, അംഗങ്ങൾ തുടങ്ങിയ കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല.

(സി) മലിനീകരണ നിയന്ത്രണം, വെള്ളപ്പൊക്ക നിയന്ത്രണം, നദിയുടെ തീരസംരക്ഷണം, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, സ്ഥാപനങ്ങൾ, ഗുണഭോക്താക്കൾ എന്നിവരിൽ നിന്ന് ഈ ആവശ്യത്തിനായി വിഭവസമാഹരണം തുടങ്ങിയ കാര്യങ്ങളിൽ അതോറിറ്റിക്ക് ശ്രദ്ധ ചെലുത്താവുന്നതാണ്.

മത്സ്യബന്ധനത്തിന് പോകുന്നവരുടെ സുരക്ഷിതത്വ സംവിധാനം

*21 [51] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിന് പോകുന്നവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കടലിൽ അകപ്പെട്ടുപോകുന്ന മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിന് നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുമോ;

(സി) പ്രസ്തുത രക്ഷാപ്രവർത്തനങ്ങൾക്ക് ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) മത്സ്യബന്ധനത്തിനിടയിൽ ബോട്ടുകൾ തകർന്നു പോകുന്നവർക്ക് ആശ്വാസം നല്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):

(എ ആന്റ് ബി) നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(i) ആധുനിക സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി വയർലെസ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തി വടക്കൻ ജില്ലകളിൽ കൂടി സ്ഥാപിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ii) കടൽ രക്ഷാപ്രവർത്തന പദ്ധതി (Sea Rescue Operation Scheme) ആധുനികവൽക്കരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു

(iii) ഫിഷറീസ്, മത്സ്യഫെഡ്, മത്സ്യബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ വഴി മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങളും മത്സ്യത്തൊഴിലാളിയെ സംബന്ധിച്ച വ്യക്തിപരമായ വിവരങ്ങളും ഉൾക്കൊള്ളിച്ച് ഫോട്ടോ പതിപ്പിച്ച ഇലക്ട്രോണിക് ഐഡന്റിറ്റി കാർഡ് അഥവാ "Smart Card" മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള ഒരു പദ്ധതിയും സർക്കാർ പരിഗണനയിലാണ്. കടലിൽ മത്സ്യബന്ധനത്തിനു പോകുന്നവരുടെ വിവരങ്ങൾ ലഭ്യമാകുന്നതിനും രക്ഷാപ്രവർത്തനം സുഗമമാക്കുന്നതിനും പ്രയോജനപ്പെടുത്തത്തക്ക രീതിയിലുള്ള ഒരു സംവിധാനമാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

(ഡി) ഇല്ല. എന്നാൽ ഇവയ്ക്കായി ഒരു പുതിയ insurance പദ്ധതി ഏർപ്പെടുത്തുന്ന കാര്യം സജീവ പരിഗണനയിലാണ്.

മത്സ്യഇറക്കുമതിയും മത്സ്യബന്ധന മേഖലയിലെ പ്രതിസന്ധിയും

*22 [52] ശ്രീ. പി. സി. ജോർജ്ജ്:
" മഞ്ഞളാംകുഴി അലി:
" എം. വി. ഗോവിന്ദൻ മാസ്റ്റർ:
" വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരുവ ഒഴിവാക്കിക്കൊണ്ട് മത്സ്യം ഇറക്കുമതി ചെയ്യാനുള്ള നീക്കം സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിൽ ആശങ്ക ഉളവാക്കിയിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിൽ വീണ്ടും വൻ പ്രതിസന്ധിക്ക് ഇടയാക്കുന്ന ഇറക്കുമതി നീക്കം അവസാനിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിലുള്ള ആശങ്ക കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly